**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: **1925**

**07.03.2017 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ സ്ക്വാഡ്**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.റോജി എം. ജോൺ** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ഗുണ്ടാ സ്ക്വാഡ് എന്ന പേരിൽ ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്ത കേസിൽ ഇടുക്കി ജില്ലയിൽ മൂന്ന് പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | **(എ)** മുഖ്യമന്ത്രിയുടെ ഗുണ്ടാ സ്ക്വാഡ് എന്ന പേരിൽ ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്ത കേസിൽ ഇടുക്കി ജില്ലയിലെ SCPO 2339 നൂർ സമീർ, CPO 3921 മുജീബ് റഹ്മാൻ, CPO 3860 സുനീഷ് എന്നീ പോലീസുകാർക്കെതിരെ പാലക്കാട് ജില്ലയിലെ ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 117/17, U/s 342, 388, 392 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിലെ മൂന്ന പോലീസുദ്യോഗസ്ഥരെ ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ ഓർഡർ നമ്പർ HI4585/2017/ID dated 26.01.2017 പ്രകാരം സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി കേസ് അന്വേഷണാവസ്ഥയിലാണ്. |
| **(ബി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ പേര് പറഞ്ഞ് വ്യാപകമായി പണം തട്ടിയെടുക്കുന്നതായും, ഭീഷണിപ്പെടുത്തുന്നതുമായുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | **(ബി)** ഇക്കാര്യത്തിന് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ